Santhigiri

# ഉമ്മിണിതങ്കം

VOL 02 | ISSUE 49 | 2016 ഒക്ടോബർ 09 | 1192 കന്നി 23

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

### ഗുരുവാണി

**"സന്ന്യാസി എന്നു പറഞ്ഞാൽ അസത്യം ചെയ്യാത്തവനാണ്. അത് ആത്മത്യാഗത്തിന്റെ അത്യുന്നതശൃംഗങ്ങളെ പ്രാപിച്ചിട്ടുള്ളവർക്കു മാത്രം ഉതകുന്നതത്രെ. പൂർവാർജ്ജിത കർമപിശകുകൾ മാറ്റി ചൈതന്യത്തിന്റെ പരമോന്നത പദവിയിൽ അത് എത്തപ്പെടും. ലോകത്തിന്റെ നിലനില്പിനുതകുന്ന കർമ്മധീരതയ്ക്ക് ദൈവദത്തമായ അംഗീകാരമാണ് സന്ന്യാസം"**

# സന്ന്യാസദീക്ഷാ വാർഷികം ചൊവ്വാഴ്ച

**സ്പിരിച്വൽ സോൺ:** ഭക്തിനിർഭരമായ ചടങ്ങുകളോടെ ശാന്തിഗിരി ആശ്രമത്തിൽ ചൊവ്വാഴ്ച മുപ്പത്തിരണ്ടാമത് സന്ന്യാസദീക്ഷാ വാർഷികം ആഘോഷിക്കും. രാവിലെ അഞ്ചു മണി മുതൽ പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ആറു മണിയുടെ ആരാധനയ്ക്കുശേഷം ഗുരുധർമ്മപ്രകാശസഭയുടെ പ്രത്യേക പുഷ്പസമർപ്പണം പർണശാലയിൽ നടക്കും. തുടർന്ന് ഓരോ സന്ന്യാസിമാരും ഗുരുപാദങ്ങളിൽ ഹാരം സമർപ്പിക്കും. ഉച്ചയ്ക്ക് 12 മണിയ്ക്കുള്ള ഗുരുദർശനത്തിന് ശേഷം സന്ന്യാസിമാർക്കുള്ള വിവിധ സമർപ്പണങ്ങൾ നടക്കും. വൈകുന്നേരം ഏഴിന് സന്ന്യാസിമാരുടെയും ബ്രഹ്മചാരികളുടെയും ദീപം പ്രദക്ഷിണവും തുടർന്ന് പൊതുസമ്മേളനവും നടക്കും.

സന്ന്യാസദീക്ഷാ വാർഷികത്തോടനുബന്ധിച്ച് സന്ന്യാസത്തിന്റെ ധർമം എന്ന വിഷയത്തിൽ പത്ത് ദിവസത്തെ സത്സംഗങ്ങൾ ഇപ്പോൾ നടന്നുവരുന്നു.

ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്ത പ്രഭാഷണ പരമ്പരയിൽ ഡോ. എം. എം. ബഷീർ, ഡോ. ജോർജ് ഓണക്കൂർ, ആലങ്കോട് ലീലാകൃഷ്ണൻ, ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ, പ്രയാർ ഗോപാലകൃഷ്ണൻ, എ. എ റഹീം, സബീർ തിരുമല തുടങ്ങിയവരാണ് ഇതുവരെ പ്രഭാഷണം നടത്തിയത്. ആശ്രമത്തിൽ ഇന്ന് നടക്കുന്ന സത്സംഗത്തിൽ സ്വാമി സന്ദീപാനന്ദഗിരി പ്രഭാഷണം നടത്തുന്നതാണ്.



*സന്ന്യാസദീക്ഷാ വാർഷികാഘോഷത്തോടനുബന്ധിച്ചുള്ള പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങൾ*
*ഫോട്ടോ: ചന്ദ്രസേനൻ സരസ്വതി*

# ഭാരതത്തിന്റെ പൈതൃകത്തിന് ഉൾത്തുടിപ്പ് പകർന്നത് സന്ന്യാസിമാർ: സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**സ്പിരിച്വൽ സോൺ:** പൗരാണികകാലം മുതൽ ഭാരതത്തിന്റെ സംസ്കാരത്തിനും പൈതൃകത്തിനും ഉൾത്തുടിപ്പ് പകർന്നത് സന്ന്യാസിമാരാണെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി പറഞ്ഞു. ആശ്രമം സ്പിരിച്വൽ സോണിൽ സന്ന്യാസദീക്ഷാ വാർഷികാഘോഷത്തോടനുബന്ധിച്ചുള്ള പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്വാമി.

സന്ന്യാസി മതചിഹ്നങ്ങൾക്കും മുദ്രകൾക്കും അതീതനാണ്. ലോകത്തെ മുന്നോട്ടു കൊണ്ടുപോയത് എന്നും സന്ന്യാസിമാർ തെളിച്ച ആത്മപ്രകാശമാണ്. ഭാരതത്തിന്റെ ആത്മാവിന്റെ ഉൾത്തുടിപ്പ് ആത്മീയതയുടെ ശാസ്ത്രമാണ്, ഇതിനെ പരിഭാഗം ചെയ്തത് തപോധനന്മാരായ ഋഷീശ്വരന്മാരാണ്. ഇതാണ് മറ്റു രാജ്യങ്ങളിൽ നിന്നും ഭാരതത്തെ വ്യതിരിക്തമാക്കുന്നത്. ബാഹ്യവും ആന്തരികവുമായ ആക്രമണങ്ങളെ അതിജീവിക്കുന്നതിൽ ഭാരതത്തെ സഹായിച്ചത് മഹാന്മാരായ സന്ന്യാസിമാരുടെ പാരമ്പര്യമാണ്. ആ തപ:ശക്തിയുടെ സമ്പൂർണമായ മുഖമാണ് ഗുരു ലോകത്തിന് വെളിപ്പെടുത്തിയത്.

ഋഷി പാരമ്പര്യത്തിന്റെ ശരിയും തെറ്റും വേർതിരിച്ച് പാണ്ഡിത്യമോ സംസ്കാരമോ ഇല്ലാത്ത രത്നാകരന്മാരായ ആളുകളെ വാത്മീകിയാക്കുന്ന വലിയ യജ്ഞമാണ് ഗുരുവിന്റേത്. സാധാരണക്കാരെയാണ് ഈ വലിയ ദൗത്യത്തിനായി ഗുരു തിരഞ്ഞെടുത്തിരിക്കുന്നത്. ഈ ഉത്തരവാദിത്വം അതിന്റെ എല്ലാവിധ മഹിമയോടും കൂടെ ഏറ്റെടുക്കാൻ നാം ഓരോരുത്തരും തയാറാകുമ്പോഴാണ് ശാന്തിഗിരിയുടെ ദൗത്യം ധന്യമാകുന്നതെന്ന് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അഭിപ്രായപ്പെട്ടു.

സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സ്വാമി ചൈതന്യ ജ്ഞാനതപസ്വി, സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ഡോ. കെ എൻ ശ്യാം പ്രസാദ്, ടി കെ ഉണ്ണികൃഷ്ണ പ്രസാദ് തുടങ്ങിയവർ സംബന്ധിച്ചു.



*പ്രഭാഷണപരമ്പര സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്യുന്നു*

# ദീക്ഷാവാർഷിക സമ്മേളനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും

**സ്പിരിച്വൽ സോൺ:** സന്ന്യാസദീക്ഷാ വാർഷികത്തോടനുബന്ധിച്ച് സെപ്റ്റംബർ 11 ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് രണ്ടു മണിക്ക് നടക്കുന്ന സമ്മേളനം ദേവസ്വം- വൈദ്യുതി വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. റിസർച്ച് സോൺ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന സമ്മേളനത്തിൽ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ വി. ശശി അദ്ധ്യക്ഷത വഹിക്കും.

ശാന്തിഗിരി ആശ്രമം പ്രസിഡന്റ് സർവാദരണീയ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, ജനറൽ സെക്രട്ടറി സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവർ ചടങ്ങിൽ മഹനീയ സാന്നിദ്ധ്യമായിരിക്കും.

എഴുത്തുകാരനും ഭാഷാശാസ്ത്രജ്ഞനുമായ ഡോ. വെള്ളായണി അർജുനൻ, പ്രമുഖ ഗാന്ധിയൻ ഡോ. എൻ. രാധാകൃഷ്ണൻ, സിസിഎം പ്രസിഡന്റും ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ ഡീനുമായ ഡോ. വി. അരുണാചലം എന്നിവരെ ആദരിക്കും. സി. ദിവാകരൻ എം.എൽ.എ, റഷ്യൻ കോൺസൽ രതീഷ് നായർ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും.



*ഡോ. വെള്ളായണി അർജുനൻ*



*ഡോ. എൻ. രാധാകൃഷ്ണൻ*



*ഡോ. വി. അരുണാചലം*

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

**കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് &**
**കോൺടാക്ട് ലെൻസ് ക്ലിനിക്ക്**
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

## ഗുരുവാണി

നിങ്ങൾ വാക്ക് സൂക്ഷിക്കണം. ഞാൻ തടഞ്ഞാൽ നിൽക്കാത്ത ഒരു ഗതികേടുണ്ടതിൽ. അതാണ് വാക്ക് സത്യമായി സൂക്ഷിക്കാത്തവർ ഇത് ചെയ്യരുതെന്ന് പറഞ്ഞത്. വാക്ക് സത്യം. ആ സത്യം നമുക്ക് അനുഭവം വരുമ്പോൾ ഗുരു. അത് പിന്നെ ഒന്നുകൂടി അനുഭവം വരുമ്പോൾ ദൈവം. ഈ കർമത്തിൽ നിങ്ങളെ ഓരോരുത്തരെയും എത്തിച്ചുനിർത്തിയിരിക്കുന്ന എന്നോട് നിങ്ങൾ ചെയ്യുന്നത് ഇതിന്റെ മറുവശമാണ്. ഇത് നിങ്ങളോട് എനിക്ക് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇത് പുതിയ ആളുകളോട് പറയുകയാണെന്ന് ധരിക്കരുത്. എന്നാലും അവരോടുംകൂടെ തന്നെ. കാരണം, അവർ ഇങ്ങനെ വിശ്വസിക്കുകയും വരികയും പോവുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾ വരുന്ന ഇടം എന്താണെന്ന് നിങ്ങൾ അറിഞ്ഞിട്ട് വിശ്വസിച്ചാൽ മതി. അല്ലെങ്കിൽ വെറുതെ തോളിൽ മീൻ കെട്ടിയിട്ടുകൊണ്ടു നടക്കുന്നതുപോലെ നാറ്റം പിടിപ്പിക്കേണ്ട കാര്യമൊന്നുമില്ല. ഇത് എന്ത് ചെയ്യണമെന്ന് ധരിച്ചോളണം. ഞാൻ എന്റെ വേദന നിങ്ങളോട് പറഞ്ഞ് അറിയിക്കുകയാണ്. നിങ്ങൾക്കറിയാം ഇന്നോളം ചീത്ത കേട്ടിരിക്കുന്നതിന് ഒരു അതിർത്തിയില്ലായെന്ന്. ഇരുപത്തിയൊൻപത് കൊല്ലം കൊണ്ട് അതിങ്ങനെ ചീത്ത കേട്ടും അറിഞ്ഞും വന്നതിനു ശേഷം നിങ്ങളോട് പറഞ്ഞിരിക്കുകയാണ്.

വിശ്വസിച്ചിരുന്നവർ തെറ്റിപ്പോയിട്ടില്ലേ? അവരുടെയും തെറ്റായിട്ട് അത് ഞാൻ കാണുന്നില്ല. എന്താണ്? പിന്നിൽ ഒരു പുരാണകർത്തൃത്വത്തിൽ നേരിയ പാളിച്ചനിന്ന ദൈവസമ്പ്രദായമോ അല്ലെങ്കിൽ അത് ഏത് പരമ്പരയിൽ ഒത്തുനില്ക്കുന്നുവെന്നോ നമുക്ക് അറിഞ്ഞുകൂടാതെ ആ രാശിയിൽ ജനിച്ച മക്കളാണ്. എന്ത് ചെയ്യും? ഇതിനാണ് നിങ്ങളോട് അത് ചെയ്തു തന്നിട്ട് പറയുന്നത്, ഇനി തിരിച്ച് നിങ്ങൾ അത് ചെയ്യല്ലേ. എന്റെ ഒരറിവിൽപ്പെട്ട കാര്യം സത്യമായിട്ട് നിങ്ങളോട് പറയുകയാണ്. നിങ്ങൾ മറ്റൊന്നും ചെയ്യണ്ട. പറയുന്ന വാക്ക് ഒന്ന് സൂക്ഷിക്ക്. ഞാനും നിങ്ങളും ഇനി വരാൻപോകുന്ന ജനങ്ങളുംകൂടി ഇതിൽ പങ്കുകൊണ്ട് ചീത്തയായി പോകാനുള്ള ഒരു കാര്യവും നിങ്ങൾ ചെയ്തുകൂടാ. കാരണം ഞാൻ അത് നീക്കിയിരിക്കുകയാണ്.

## വചനദീപ്തി

സന്ന്യാസിക്ക് ഒരു മതത്തിലും പെടാനാവില്ല. എന്തെന്നാൽ സകല മതങ്ങളിൽനിന്നും കൈക്കൊള്ളുന്ന സ്വതന്ത്രചിന്തയുടെ ജീവിതമാണ് അയാളുടേത്. അയാളുടേത് സാക്ഷാൽക്കാരത്തിന്റെ ജീവിതമാണ്.

**സ്വാമി വിവേകാനന്ദൻ**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2016 ഒക്ടോബർ 9 മുതൽ 15 വരെ*

**ഞായർ - സ്നേഹപുരം**
**തിങ്കൾ - കാഞ്ഞാംപാറ**
**ചൊവ്വ - പോത്തൻകോട്**
**ബുധൻ - പാലോട്ടുകോണം**
**വ്യാഴം - ജ്യോതിപുരം**
**വെള്ളി - ശാന്തിപുരം**
**ശനി - കരുണപുരം**

## യാമപ്രാർത്ഥന

*2016 ഒക്ടോബർ 13 വ്യാഴം*

**കരുണപുരം, ശാന്തിപുരം, ജനസേവികപുരം**

## പൗർണമി

*2016 ഒക്ടോബർ 15 ശനി*

## ജന്മഗൃഹ തീർത്ഥയാത്ര

*2016 ഒക്ടോബർ 31 തിങ്കൾ*

# ഗുരുധർമ്മപ്രകാശസഭ

വിജയദശമി എന്നു പറയുന്ന ദിവസം അല്ലെങ്കിൽ ആ പുണ്യസുദിനമായി നാം ആഘോഷിക്കുന്ന ദിവസം, അനവധി മഹാന്മാരുടെ ജീവിതത്തിന്റെ ശുഭമംഗളമുഹൂർത്തത്തെ സൂചിപ്പിക്കുന്ന ഒരു പ്രതീകമാണ്. ഇത് ഇരുപത്തിയേഴ് നക്ഷത്രം, 12 രാശി, ഒൻപത് ഗ്രഹം എന്ന കണക്കിൽ നില്ക്കുമ്പോൾ ഈ ദേവിയുടെ ഒൻപത് അപദാനങ്ങളെ കാണുക. അതെങ്ങനെയാണ്, ഒൻപത് ഭാവനകളായി കലാരൂപത്തിലും വിദ്യാരൂപത്തിലും മറ്റ് ഐശ്വര്യത്തിന്റെ രൂപത്തിലും ഈ മാനവരാശിയിലേക്ക് പകരുന്ന ഒരു രംഗമുണ്ട്. അത് പ്രകാശത്തിന്റെ ഒരവസ്ഥയാണ്. അത് എങ്ങനെയാണ് നമ്മൾ ഗുരുവിൽക്കൂടി മനസിലാക്കുന്നത് എന്നൊരു ഭാഗം മറ്റൊരു വശം. നാം ഏതെങ്കിലുമൊരു കാര്യം ചെയ്യുമ്പോൾ ഒരു കണക്കുദ്ദേശിച്ച് നോക്കുന്നവശത്ത് ഇന്ന ഇന്ന ദിവസങ്ങളിൽ ഇന്നാർക്ക് ഇന്നത് നല്ലതാണെന്ന് പറയുന്ന ഒരു വശം ഉണ്ട്. പക്ഷെ ഗുരുവിനെ സംബന്ധിച്ച് അങ്ങനെയല്ല. എല്ലാ ന്യായവാദങ്ങളും പൊട്ടിച്ചിട്ട് എല്ലാ വേദങ്ങളുടെയും ശാസ്ത്രവശത്തിന്റെയും ഉള്ളിൽ ഇരിക്കുന്ന ആ നന്മ എന്താണെന്ന് അറിഞ്ഞിട്ട്, തിന്മയെയും കണ്ടിട്ട് എങ്ങനെ ചെയ്യണമെന്ന് പ്രകാശത്തോട് ചോദിച്ചറിഞ്ഞ് ചെയ്യിപ്പിക്കുന്ന ഒരു രംഗമുണ്ട്.

വിജയദശമി എന്നു നാം പറയുമ്പോൾ, അനവധി സന്ന്യാസിമാരെയും പൂജാകാലങ്ങളെയും പറ്റി ചിന്തിക്കുമ്പോൾ പുസ്തകപാരായണങ്ങളിലും അതുപോലെ ആയുധത്തിന്റെയും അങ്ങനെ പല രീതികൾ പറയും. പക്ഷെ ഇതൊക്കെ കണ്ടറിഞ്ഞു ചെയ്യുന്ന ഒരു പരമ്പര എന്ന് അവകാശപ്പെടാനായി, അഭിമാനിക്കാനും അല്ലെങ്കിൽ അതിന്റെ എല്ലാ വശങ്ങളും ആ ഗുരുവിന്റെ ഇച്ഛയനുസരിച്ച് അല്ലെങ്കിൽ ബ്രഹ്മത്തിന്റെ ഇച്ഛയനുസരിച്ച് ഗുരു പറഞ്ഞുതന്നതും കാണിച്ചുതന്നതുമായ പ്രകാശത്തിൽ ചെയ്യുന്നത് നമ്മുടെ പരമ്പരയാണ്. ഇതു മനസിലാക്കിയിട്ട് നാം എങ്ങനെയാണ് ഒരു പരമ്പരയെ വാർത്തെടുക്കേണ്ടത്. അതിന്റെ സമൃദ്ധിയെപ്പറ്റി പിന്നെ നമ്മൾ ആലോചിക്കുക. അങ്ങനെ ആലോചിച്ച് ഇത് പൂർത്തീകരിച്ചുപോകുന്ന വശങ്ങളുണ്ട്. ഒരു ആശ്രമം എന്നു ധരിക്കുമ്പോൾ ആ ആശ്രമത്തിൽ നല്ലവനും കെട്ടവനും ബ്രഹ്മചാരിയും ചീത്തയും സാധുവും എന്നുവേണ്ട ഏതെല്ലാം നീചവൃത്തിയിലും നല്ലതിലുമായിട്ട് കലർന്നുകിടക്കുന്ന എല്ലാം വരും. അവർക്കൊക്കെ കൊടുക്കാൻ ഈ ഗുരു സമ്പാദിച്ച ആത്മസുകൃതം അല്ലെങ്കിൽ തപ:ശ്ചര്യയിലെ പുണ്യം അവിടെ ഉണ്ടായിരിക്കണമെന്നാണ്. നമ്മുടെ ഗുരുവിന്റെ എത്രയോ ജന്മങ്ങളിലുള്ള ആ താപസവൃത്തിയുടെ സുഖം അല്ലെങ്കിൽ സുകൃതം ഇവിടെ സങ്കല്പിച്ചുനിർത്തിയിരിക്കുന്നെന്ന് അനുഭവത്തിൽക്കൂടി നാം അറിയുകയാണ്. ഇത് മനസിലാക്കിയിട്ട് നമ്മുടെ സകലവിധ രോഗത്തിന്റെ നിവാരണവും സകലവിധ ശാന്തിയും സകലവിധ ഐശ്വര്യവും എങ്ങനെയാണ് നമുക്ക് ഗുരുവിനെ പ്രാർത്ഥിച്ച് കിട്ടേണ്ടതെന്ന് ചെയ്തെടുക്കുന്നതാണ്.

ആദ്യ അവസരത്തിൽ ഈ വിജയദശമിദിനത്തിൽ ദീക്ഷാവാർഷികത്തിന്റെ കാര്യങ്ങളും ദീക്ഷ എന്താണെന്നും ഇങ്ങനെ അനവധി കാര്യങ്ങൾ ഗുരു എന്നെക്കൊണ്ടുതന്നെ രണ്ടു മൂന്നു മാസമായി നോക്കിച്ചിരുന്നു. പക്ഷെ ഗുരുവിന് അറിയാത്തതുകൊണ്ടല്ല നോക്കിക്കുന്നത്. അത് വേറൊരു ഭാഗം. മറ്റൊരു ഭാഗത്ത് ഗുരുവിന്റെ ആത്മരൂപം നിന്നിട്ട് പറഞ്ഞുതരികയാണ്, ഇതെങ്ങനെ കൊണ്ടുപോകണം. ഇപ്പോൾ ദീക്ഷ സ്വീകരിച്ചിരിക്കുന്ന ഓരോ വ്യക്തിയുടെയും കാര്യങ്ങൾ, അവർക്ക് നല്ലതു വരുന്നതും ചീത്ത വരുന്നതും അവരുടെ ജീവനിലിരിക്കുന്ന ദോഷവശങ്ങളെപ്പറ്റിയും അവരുടെ കർമത്തിന്റെ മറ്റൊരു ഭാഗത്തെപ്പറ്റിയും അവരത് ചെയ്തുനിവർത്തിക്കുമോ എന്നു വരെയും എത്രയെത്ര പ്രാവശ്യം ഗുരു നോക്കിക്കുന്നു. ഇത് ചെയ്ത അവസരത്തിൽ ഇങ്ങനെയൊരു പേര് തന്നെ -ഗുരുധർമ്മ പ്രകാശസഭ- എന്നെക്കൊണ്ടു നോക്കിച്ചിട്ടു തന്നെയാണ് ചെയ്തത്. ആ ബ്രഹ്മത്തിൽ നിന്നു കിട്ടിയ വാക്കു തന്നെയാണ് ആ പേര്. അശരീരിയിൽ നിന്നു കിട്ടിയ അല്ലെങ്കിൽ പ്രകാശത്തിൽ നിന്നു കിട്ടിയ വാക്കാണ് ആ സഭയ്ക്കു തന്നെ ഗുരു ഇട്ടത്.

*(അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണങ്ങളടങ്ങിയ 'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ' എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തത്)*

# ആദിവാസിസംസ്കാരം വിലയിരുത്തപ്പെടണം: ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ സെമിനാർ

**ഷില്ലോംഗ്:** വടക്കുകിഴക്കേ ഇന്ത്യയിലെ ആദിവാസി ജനവിഭാഗങ്ങളുടെ ജീവിതത്തെയും സംസ്കാരത്തെയും അവയ്ക്കു പിന്നിലുള്ള തത്വചിന്തയെയും വിലയിരുത്തുന്നതിന് ആവശ്യമായ ശ്രമങ്ങൾ ഉണ്ടാവണമെന്ന് ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഷില്ലോംഗിൽ നടത്തിയ ദ്വിദിന ദേശീയ സെമിനാറിൽ അഭിപ്രായമുയർന്നു.

'അതിജീവനത്തിന്റെ ഗോത്രപാഠങ്ങൾ' എന്ന വിഷയത്തിൽ നോർത്ത് ഈസ്റ്റേൺ ഹിൽ യൂണിവേഴ്സിറ്റിയിൽ വച്ചു നടന്ന സെമിനാർ ഡോ. മൃണാൾ മിറി ഉദ്ഘാടനം ചെയ്തു. സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി അനുഗ്രഹപ്രഭാഷണം നടത്തി. ഡോ. കെ. ഗോപിനാഥൻ പിള്ള സെമിനാറിൽ വിഷയം അവതരിപ്പിച്ചു. മുൻ എം.പി.യും വൈസ് ചാൻസലറുമായ പ്രൊഫ.വൻലാൽ, പ്രൊഫ. സുജാതാ മിറി, പ്രൊഫ. ഗോപാൽ ഗുരു, ഡോ. സെബസ്റ്റ്യൻ വാളാശേരി തുടങ്ങിയവർ സംസാരിച്ചു.

18 പ്രബന്ധങ്ങൾ സെമിനാറിൽ അവതരിപ്പിക്കുകയുണ്ടായി. വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും നൂറിൽപ്പരം ഗവേഷണ വിദ്യാർത്ഥികളും ഇരുപത്തിനാല് അക്കാദമിക് വിദഗ്ദ്ധരും പങ്കെടുത്തു.

ആധുനിക പാശ്ചാത്യ സംസ്കാരത്തിന്റെ വികസനസങ്കല്പം മനുഷ്യന്റെ ധാർമികജീവിതത്തിനും പ്രകൃതിക്കും വരുത്തിവച്ച വിവരാണാതീതമായ വിനകളിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള വഴികൾ അന്വേഷിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, പ്രകൃതിയോട് സമന്വയപ്പെട്ട് പ്രകൃതി പ്രതിഭാസങ്ങളിൽ ഈശ്വരദർശനം കണ്ടെത്തി ഗോത്രസങ്കല്പം മെനഞ്ഞെടുത്ത ആദിവാസി ജീവിതരീതിയുടെയും സംസ്കാരത്തിന്റെയും പിന്നിലുള്ള ദർശനം ആധുനിക മനുഷ്യന് അതിജീവന തത്വശാസ്ത്രത്തിന്റെ ഉൾപൊരുൾ തുറന്നുകാട്ടുന്ന ഒന്നാണെന്ന് സെമിനാർ വിലയിരുത്തി.

ആദിവാസി സംസ്കാരത്തെക്കുറിച്ചു കൂടുതൽ ഗവേഷണങ്ങൾക്കായി ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷന്റെ നോർത്ത് ഈസ്റ്റേൺ റീജിയണൽ സെന്റർ ഗുവാഹത്തിയിൽ സ്ഥാപിക്കുമെന്ന് പ്രതിനിധികൾ അറിയിച്ചു. ഗുരുവിന്റെ നവതി ആഘോഷങ്ങളോടനുബന്ധിച്ചുള്ള പ്രചരണ പരിപാടികളുടെ ഭാഗമായിട്ടാണ് സെമിനാർ സംഘടിപ്പിച്ചത്.

ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ നടത്തുന്ന ആശയപ്രചാരണത്തിന്റെ ഭാഗമായി ഒക്ടോബർ 18, 19, 20, 21 തീയതി ളിൽ മദ്ധ്യപ്രദേശിലെ സാഞ്ചി യൂണിവേഴ്സിറ്റിയിൽ വച്ചു നടക്കുന്ന അന്താരാഷ്ട്ര കോൺഫ്രൻസിൽ ഡോ. കെ. ഗോപിനാഥൻ പിള്ള മുഖ്യപ്രഭാഷണം നടത്തുന്നതാണ്.

# അനുപമമായ മാതൃക

ഭാരതീയ സംസ്കാരത്തിൽ പവിത്രവും പരമോന്നതവുമായ സ്ഥാനമാണ് സന്ന്യാസത്തിനു സങ്കല്പിച്ചിട്ടുള്ളത്. ഋഷിമാരുടെ നാടാണിത്. ഇതിനെ വിശേഷിപ്പിക്കുന്നത് തന്നെ ആർഷഭാരതം എന്നാണ്. ഇവിടുത്തെ സംസ്കാരത്തെ ആർഷസംസ്കാരം എന്നും. അങ്ങനെയുള്ള ഒരു മഹാരാജ്യത്ത് ഇന്നു സന്ന്യാസത്തിന്റെ അവസ്ഥ എന്താണ്? നൂറ്റാണ്ടുകളായി മഹനീയമെന്നു കരുതി സമൂഹം അംഗീകരിച്ചാദരിച്ചിരുന്ന സന്ന്യാസത്തിന് ഇന്നു നേരിയ ബഹുമാനം പോലും ലഭിക്കുന്നില്ല. ഒരുതരം പുച്ഛത്തോടെയാണ് സമൂഹം സന്ന്യാസിമാരെ കാണുന്നതും അവരോട് പെരുമാറുന്നതും. എന്തേ സമൂഹം അവരോടിങ്ങനെ പെരുമാറാൻ? ആർഷഭാരത സമൂഹത്തിൽ ഈ വിപര്യയം എങ്ങനെ വന്നു? എന്താണിതിനു നിദാനം?

സന്ന്യാസി എന്നു പറയുന്നവരെ ആ വേഷം അണിഞ്ഞു നില്ക്കുന്നവരെ അവജ്ഞയോടെ വെറുപ്പോടെ പരിഹാസഭാവത്തോടെ 'സമൂഹം' വീക്ഷിക്കുന്നത് എന്തുകൊണ്ടെന്നുള്ള ചോദ്യത്തിനുത്തരം സമൂഹത്തിന്റെ അറിവില്ലായ്മയാണെന്ന് പെട്ടെന്ന് പറയാം. അതപ്പാടെ ശരിയാണോ? അറിവില്ലായ്മയുണ്ട് സമൂഹത്തിന്; അത് അവരെ ബോദ്ധ്യപ്പെടുത്തി പരിശുദ്ധിയുടെയും അനുതാപത്തിന്റെയും പ്രകാശം പരത്തി ശരിയായ മാർഗത്തിലൂടെ അറിവിലേക്കു നയിക്കാനുള്ള ചുമതലയാണ് സന്ന്യാസസംഘങ്ങളെ വളർത്തിയെടുത്ത ആചാര്യന്മാർ ഓരോരുത്തരും പിൻഗാമികളായ സന്ന്യാസിമാരിൽ നിക്ഷേപിച്ചു കടന്നുപോയത്. ആചാര്യന്മാരുടെ കാലശേഷം അവരനുവർത്തിച്ചു പോന്നിരുന്ന ആശയങ്ങളെയും ആദർശങ്ങളെയും കർമ്മധർമ്മങ്ങളെയും അനുഭവജ്ഞാനമില്ലാത്ത പിൻഗാമികൾ അവഗണിച്ച് ആചാര്യമാർഗത്തിൽ നിന്നും വ്യതിചലിച്ച് തനതിച്ഛ വളർത്തിയെടുത്തതിന്റെ ഫലമാണ് ഇന്നു സന്ന്യാസത്തിനു വന്നുചേർന്നിരിക്കുന്ന ദുര്യോഗം.

ആർദ്രത, സ്നേഹം, കാരുണ്യം, കൈത്താങ്ങ് എന്നിവയാണ് ഒരു സന്ന്യാസിയിൽ നിന്നും സമൂഹം പ്രതീക്ഷിക്കുന്നത്. വേണ്ടുന്നത് വേണ്ടുന്നവർക്ക് ലഭിച്ചാൽ അവർ സന്ന്യാസിയെ മാനിക്കും. പുറകെ വരും. ഇത് സ്വാനുഭവത്തിലൂടെ ഗുരു പഠിപ്പിച്ചതാണ്. ഒരു സന്ന്യാസിയും ഒരിക്കലും ദന്തഗോപുരവാസിയാകരുത്. സമൂഹത്തിന്റെ സ്പന്ദനങ്ങൾ, നൊമ്പരങ്ങൾ, ആവശ്യങ്ങൾ എല്ലാം മനസ്സിലാക്കി അവയ്ക്ക് ഹൃദയപൂർവ്വം പ്രതിവിധികൾ ഉപദേശിച്ചുകൊടുക്കാൻ പോന്ന സ്നേഹധനനും കരുണയുള്ളവനും ആയിരിക്കണം സന്ന്യാസി. ഗൃഹസ്ഥാശ്രമികളാണ് സമൂഹം. അവർ നയിക്കേണ്ട ധാർമിക ജീവിതത്തിനുള്ള അറിവു പകർന്നു കൊടുക്കുവാൻ പ്രാപ്തരായിരിക്കണം സന്ന്യാസിമാർ. ഇവർക്ക് മാർഗഭ്രംശം വന്നാൽ ധർമ്മലോപം സംഭവിക്കുന്നത് സമൂഹത്തിനാണ്. ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന സകല കെടുതികൾക്കും കാരണം അതുതന്നെ. അങ്ങനെ വരാതെ സന്ന്യാസത്തിനു കൈമോശം വന്ന മാന്യതയും മഹിമയും പൂർണ്ണതയും വീണ്ടെടുക്കണമെന്നും അവരുടെ മാർഗനിർദ്ദേശത്തിൽ പുതിയ സമൂഹത്തെ കാലാനുസാരിയായി വളർത്തിയെടുക്കണമെന്നും ഉള്ള സദുദ്ദേശ്യത്തോടുകൂടിയാണ് ശാന്തിഗിരിയിൽ സന്ന്യാസിസംഘത്തിന് ഗുരു രൂപം നല്കിയത്.

1984 ഒക്ടോബർ 4 വിജയദശമി ദിവസം ശാന്തിഗിരിയിൽ ആദ്യത്തെ സന്ന്യാസദീക്ഷാകർമ്മം നടന്നു. മുപ്പത്തിയൊന്നു പേരടങ്ങുന്ന ഒരു സംഘം സ്ത്രീപുരുഷന്മാർക്ക് ഗുരു സന്ന്യാസദീക്ഷ നല്കി. ഒപ്പം സന്ന്യാസവസ്ത്രവും. ഈ സന്ന്യാസസംഘത്തെ "ഗുരുധർമ്മപ്രകാശസഭ" എന്നു നാമകരണം ചെയ്തു. കാലാനുസൃതമായ ധർമ്മത്തെ എക്കാലവും ഗുരുവിന്റെ ഇച്ഛയ്ക്കൊത്ത് പുലർത്തി വളർത്തി നിലനിർത്തി ബ്രഹ്മനിശ്ചയം സാക്ഷാത്കരിക്കുക, ലോക കർമ്മഗതിയെ ശുദ്ധീകരിക്കുക എന്നിവയാണ് ഗുരുധർമ്മപ്രകാശ സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. സകല ആത്മാക്കൾക്കും ശുദ്ധിയും മുക്തിയും നല്കാനുള്ള കർമ്മധർമ്മങ്ങളാണ് ഈ സഭയിലൂടെ ഗുരു വിഭാവനം ചെയ്തിരിക്കുന്നത്. തദവസരത്തിൽ ഗുരു ഇപ്രകാരം പറഞ്ഞു.

"ഇതൊരു ചെറിയ കാര്യമല്ല. വിനയപ്പെട്ട് ത്യാഗപ്പെട്ട് നേടിയെടുക്കേണ്ടതാണ്. ഈ വേഷം അണിഞ്ഞുകഴിഞ്ഞാൽ വികാരത്തിലും വിചാരത്തിലും വാക്കിലും അവയ്ക്ക് ആധാരമായ മനസ്സിലും നിന്ന് അഹന്തയുൾപ്പെടെയുള്ള സകല ദുർവാസനകളും വേരോടെ പിഴുതെറിയാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കണം. ഈ വേഷം ഇട്ടു നടക്കുമ്പോൾ സമൂഹത്തിൽ നിന്ന് അനാദരവ്, ഈർഷ്യ, പരിഹാസം എന്നിവയൊക്കെ ഉണ്ടാകും. അതെല്ലാം സഹിക്കാനും ക്ഷമിക്കാനും അവരെപ്പോലും സ്നേഹിക്കാനുമുള്ള ഹൃദയവിശാലത നേടിയെടുക്കണം. സഹനത്തിന്റെയും സ്നേഹത്തിന്റെയും വിനയത്തിന്റെയും മൂർത്തിയായിരിക്കണം സന്ന്യാസി. പരോപകാരത്തിൽ സദാ ജാഗരൂകനായിരിക്കണം." പറയുക മാത്രമല്ല, അനന്യമായ മാതൃകയുമായിരുന്നു ഗുരു!




*ഗാന്ധിജയന്തിദിനത്തിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾ പോത്തൻകോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ശുചീകരിക്കുന്നു*

## കെ.എസ്.എഫ്.ഡി.സി : മധുപാൽ ചുമതലയേറ്റു

**തിരുവനന്തപുരം:** സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷൻ അംഗമായി തെരഞ്ഞെടുക്കപ്പെട്ട സംവിധായകനും നടനുമായ കെ. മധുപാൽ ചുമതലയേറ്റു. ചെയർമാൻ ലെനിൻ രാജേന്ദ്രനൊപ്പം മറ്റംഗങ്ങളായ അജിത് എബ്രഹാം ജോർജ്, അജിത്, പ്രിയനന്ദനൻ, കെ.ജി. മോഹൻകുമാർ, ബ്ലസി, പട്ടണം റഷീദ്, ഭാഗ്യലക്ഷ്മി, കൈതപ്രം ദാമോദരൻ നമ്പൂതിരി, മനോജ് കാന, ഷെറിൻ ഗോവിന്ദൻ, നെടുമുടി വേണു, ഷാജി കൈലാസ്, ആഷിക് അബു എന്നിവരും ചുമതലയേറ്റെടുത്തു. ശാന്തിഗിരി ആശ്രമം അഡ്വൈസറി കമ്മിറ്റി ഡെപ്യൂട്ടി ജനറൽ കൺവീനർ കൂടിയാണ് മധുപാൽ.



*മധുപാൽ*

## സ്കിൽ ഡെവലപ്മെന്റ് പദ്ധതിയിൽ ശാന്തിഗിരി ആശ്രമം

**ഇൻഡസ്ട്രിയൽസോൺ:**കേന്ദ്ര സർക്കാരിന്റെ സ്കിൽ ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായുള്ള അപ്രന്റിസ്ഷിപ്പ് ട്രെയിനിംഗ് സ്കീമിൽ ശാന്തിഗിരി ആശ്രമവും പങ്കാളികളാകും. ഇതിന്റെ ഭാഗമായി വിവിധ തൊഴിൽ പരിശീലന കോഴ്സുകൾ ആശ്രമത്തിന്റെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടെ നടത്തും. വിവിധ മേഖലകളിൽ വിദഗ്ധരായ തൊഴിലാളികളെ സൃഷ്ടിക്കാൻ ഉദ്ദേശിച്ചുള്ള ഈ പദ്ധതിയിൽ ആറു മാസം മുതൽ മൂന്നു വർഷം വരെയുള്ള വിവിധ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശീലനത്തിനെത്തുന്നവർക്കുള്ള സ്റ്റൈപെൻഡ് തുക കേന്ദ്ര സർക്കാർ നല്കുന്നതാണ്. തൈക്കാട് ഗസ്റ്റ് ഹൗസിൽ ഒക്ടോബർ നാലിന് നടന്ന പ്രാരംഭ ട്രെയിനിംഗ് ക്ലാസിൽ ശാന്തിഗിരി ആശ്രമത്തിൽ നിന്ന് ഉമേഷ് ബാബു എ.റ്റി., രമേശൻ വി., അജിത്ത് കുമാർ പി. എന്നിവർ സംബന്ധിക്കുകയുണ്ടായി.


ഗുരുചരണം ശരണം

പ്രാർത്ഥനയോടെ
ശിവരാജൻ പി.ബി.


## ഗുരുമഹിമ മീറ്റിംഗ്

**സ്പിരിച്വൽ സോൺ:** ഗുരുമഹിമയുടെ പ്രതിമാസ മീറ്റിംഗ് ഈ മാസം ഉണ്ടായിരിക്കുന്നതല്ലെന്ന് ഗുരുമഹിമ ഓഫീസിൽ നിന്നും അറിയിച്ചു.

## ആവശ്യമുണ്ട്

**റിസർച്ച് സോൺ:** സേഫ്റ്റി ഡിപ്പാർട്ട്മെന്റിലേക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്. വിദ്യാഭ്യാസ യോഗ്യത: പ്ലസ് ടു. (ഫയർ ആന്റ് സേഫ്റ്റി ഡിപ്ലോമ ഉള്ളവർക്ക് മുൻഗണന.) പ്രായപരിധി: 25 വയസ്. കൂടുതൽ വിവരങ്ങൾക്ക് : 9947313718, 9995349009

## ശാന്തിഗിരി ഡയറി നവംബർ 5 ന്

**ഹെൽത്ത്കെയർസോൺ:** 2017 ലെ ആശ്രമം കലണ്ടറും ഡയറിയും സാംസ്കാരിക ദിനമായ നവംബർ 5 ന് പുറത്തിറക്കും.

## ദിവംഗതനായി



*ജി. പീതാംബരൻ*

**കൊല്ലം:** റിട്ട. ഡി.വൈ.എസ്.പി., പി. രഘുവിന്റെ പിതാവ് മുണ്ടയ്ക്കൽ ഊരംപള്ളി ജി. പീതാംബരൻ (93) സെപ്റ്റംബർ ഒന്നിന് ദിവംഗതനായി. സംസ്കാരം നടന്നു. എസ്.എൻ. ട്രസ്റ്റ് ബോർഡ് മെമ്പറും എസ്.എൻ.ഡി.പി. ശാഖാ യോഗം പ്രസിഡന്റുമായിരുന്നു. ഭാര്യ: ദിവംഗതയായ സരോജം. മക്കൾ: ഗീത, പ്രീത, ദിവംഗതയായ ഗംഗ. മരുമക്കൾ: രാജേന്ദ്രൻ, ഷീബ രഘു, പ്രതീപൻ.

സത്യം
ധർമ്മം
കർമ്മം
പുണ്യം
ഭാഗ്യം

ഈ വഴിത്താരയിലൂടെ

## സന്ന്യാസദീക്ഷാവാർഷിക വേളയിൽ

# ഉമ്മിണി തങ്കം മുന്നോട്ട്

പ്രാർത്ഥനയോടെ
ഡി.എം. കിഷോർ



ഡോ. ജോർജ് ഓണക്കൂർ സംസാരിക്കുന്നു

## അദ്വൈതം ഭാരതീയചിന്തയുടെ കേന്ദ്രബിന്ദു: ഡോ. ജോർജ്ജ് ഓണക്കൂർ

**സ്പിരിച്വൽ സോൺ:** അദ്വൈതമാണ് ഭാരതീയചിന്തയുടെ കേന്ദ്രബിന്ദുവെന്ന് ഡോ. ജോർജ്ജ് ഓണക്കൂർ. ശാന്തിഗിരി ആശ്രമത്തിൽ നടക്കുന്ന് പ്രഭാഷണ പരമ്പരയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രപഞ്ച സൃഷ്ടാവായ ഈശ്വരന്റെ അംശമാണ് എല്ലാ ചരാചരങ്ങളിലും നിറഞ്ഞു നിൽക്കുന്നതെന്നും ആയതിനാൽ നാമെല്ലാം സോദരരാണെന്നുമുള്ള തിരിച്ചറിവാണ് അദ്വൈത ചിന്ത മുന്നോട്ടു വയ്ക്കുന്നത്. എന്നാൽ സ്വാർത്ഥതയാൽ അന്ധമായ ഇന്നത്തെ ലോകം ഞാനെന്ന ചിന്തയിൽ എല്ലാം വെട്ടിപിടിക്കാൻ ശ്രമിക്കുന്നു. ബലി അല്ല കരുണയാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന ബൈബിളിലെ വാക്യങ്ങൾ ഏറെ പ്രസക്തമാണ്. സംന്യാസം എന്നാൽ സർവ്വതും ന്യസിക്കുക, അല്ലെങ്കിൽ ത്യജിക്കുക എന്നാണ്. ലോകത്തു നിന്നും മറ്റും മനുഷ്യരിൽ നിന്നും ഓടിയൊളിച്ചുകൊണ്ടല്ല ഇത്. പരമാത്മാവിന്റെ ചൈതന്യമാണ് എല്ലാ ജീവജാലങ്ങളിലും കുടികൊള്ളുന്നതെന്ന് തിരിച്ചറിഞ്ഞ് തനിക്കുള്ളതെല്ലാം മറ്റുള്ളവർക്കായി പങ്കുവച്ച് ജീവിക്കുന്നതാണ് യഥാർത്ഥ സന്ന്യാസം. ഗുരു കാണിച്ചു തന്നത് ഈ വഴിയാണെന്നും അദ്ദേഹം പറഞ്ഞു.

ലോകത്തുള്ള മറ്റു രാജ്യങ്ങളിൽ നിന്നും വ്യത്യസ്തമായി ആധ്യാത്മികമായ അടിത്തറയാണ് ഭാരതത്തെ അനന്യമാക്കി നിലനിർത്തുന്നത്. ഋഗ്വേദത്തിൽ തുടങ്ങി മറ്റു വേദങ്ങളിലും പുരാണങ്ങളിലും, ഇതിഹാസങ്ങളിലും കൂടി വളർന്നെത്തിയ മഹാവൃക്ഷം വേദതരു (വേദവൃക്ഷം) ; അതാണ് ഭാരതത്തിന്റെ ആത്മീയ അടിസ്ഥാനമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ചടങ്ങിൽ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. സ്വാമി ചൈതന്യ ജ്ഞാനതപസ്വി, സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, സബീർ തിരുമല തുടങ്ങിയവരും സത്സംഗത്തിൽ സംബന്ധിക്കുകയുണ്ടായി.

## ഋഷീശ്വരന്മാരുടെ ദർശനങ്ങളാണ് ഭാരതത്തിന്റെ സമ്പത്ത് : പ്രയാർ ഗോപാലകൃഷ്ണൻ

**സ്പിരിച്വൽ സോൺ:** ഋഷീശ്വരന്മാരുടെ ദർശനങ്ങളും, നിഗമനങ്ങളുമാണ് അത്യന്താധുനിക കാലഘട്ടത്തിൽ പോലും ഭാരതത്തിന്റെ സമ്പത്ത് എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ. ശാന്തിഗിരി ആശ്രമത്തിലെ സന്ന്യാസദീക്ഷ വാർഷികത്തോടനുബന്ധിച്ച് നടന്നു വരുന്ന പ്രഭാഷണ പരമ്പരയിലെ നാലാംദിന സത്സംഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മനുഷ്യരാശിക്കപ്പുറം പഴക്കമുള്ള ആദിയും അന്തവും രൂപവുമില്ലാത്ത പ്രപഞ്ചസ്രഷ്ടാവിന്റെ സങ്കല്പമാണ് ഗുരു. സ്കന്ദപുരാണത്തിലെ ശിവപാർവ്വതി സംവാദം ഗുരുസങ്കല്പത്തിന്റെ വ്യാപ്തി വിളിച്ചറിയിക്കുന്ന് ഒന്നാണ്. അതുപോലെ സന്ന്യാസത്തിന്റെ പവിത്രതയും ദർശനവും വെളിപ്പെടുത്തുന്ന ഉത്തമോദാഹരണങ്ങളാണ് അത്രി മഹർഷിയും പത്നിയും. ഭാരതത്തിന്റെ ഗുരുപാരമ്പര്യം നിലനിർത്തേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. ഗുരു വിഭാവനം ചെയ്ത സന്ന്യാസസങ്കല്പത്തിലുള്ള ശാന്തിഗിരിയിലെ സന്ന്യാസിസന്ന്യാസിനിമാർ സമൂഹത്തിന് നന്മ പകരാൻ കഴിവുള്ളവരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സത്സംഗത്തിൽ ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, ആർട്സ് ആന്റ് കൾച്ചർ വിഭാഗം ഹെഡ് സ്വാമി നിർമ്മോഹാത്മജ്ഞാനതപസ്വി, മോഡറേറ്റർ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ഡോ. ടി.എസ്.സോമനാഥൻ എന്നിവർ സംബന്ധിച്ചു.



പ്രയാർ ഗോപാലകൃഷ്ണൻ സംസാരിക്കുന്നു

## സന്ന്യാസിമാർ ദൗത്യബോധമുള്ളവരായിരിക്കണം: ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ

**സ്പിരിച്വൽ സോൺ:** സന്ന്യാസി എപ്പോഴും ദൗത്യബോധമുള്ളവരായിരിക്കണമെന്ന് ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ അഭിപ്രായപ്പെട്ടു. സന്ന്യാസത്തിന്റെ ധർമ്മം പ്രഭാഷണ പരമ്പരയിൽ അഞ്ചാം ദിവസത്തെ സത്സംഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗുരുവിന്റെ സന്ദേശം ലോകത്തിന്റെ അതിർവരമ്പുകളിൽ വരെ എത്തിക്കുക എന്നതാണ് ദൗത്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സത്യദർശനത്തിന് മാർഗദീപമായി നിൽക്കുന്നകയെന്നതാണ് യഥാർത്ഥ സന്ന്യാസത്തിന്റെ ധർമ്മമെന്ന് സാഹിത്യകാരൻ ആലങ്കോട് ലീലാകൃഷ്ണൻ അഭിപ്രായപ്പെട്ടു. സത്യത്തിന്റെയും സ്നേഹത്തിന്റെയും ധർമ്മത്തിന്റെയും വഴി കാണിച്ചു കൊടുക്കുവാൻ ഇരുട്ടിലേക്ക് വെളിച്ചം പകരുന്നവരാണ് ഗുരുക്കന്മാർ. എല്ലാ വിഭാഗീയതക്കും അതീതമായ സത്യത്തെ പുറത്തു കൊണ്ടുവരികയാണ് സന്ന്യാസത്തിലൂടെ.ഇന്ന് എല്ലാം ടെക്നോളജി ആണ്. ഇതുകൊണ്ടു ലോകത്തെ രക്ഷിക്കാൻ കഴിയില്ല. ടെക്നോളജിക്കു പിന്നിൽ ധർമ്മിഷ്ഠമായ മനസ്സ് ഇല്ലെങ്കിൽ ഓരോ ടെക്നോളജി വികാസവും മനുഷ്യന് വിനാശം വരുത്തുമെന്നും അദ്ദേഹം പറഞ്ഞു. സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, സ്വാമി ചൈതന്യജ്ഞാനതപസ്വി, സ്വാമി നിർമോഹാത്മജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി ടി.കെ.ഉണ്ണികൃഷ്ണ പ്രസാദ് തുടങ്ങിയവർ സംബന്ധിച്ചു.



ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ സംസാരിക്കുന്നു

## 'നന്മ ചെയ്യുവാനുള്ള ആഹ്വാനമാണ് എല്ലാ മതങ്ങളും നല്കുന്നത്'

**സ്പിരിച്വൽ സോൺ:** നന്മ ചെയ്യുന്നതിൽ പരസ്പരം മത്സരിക്കുവാനാണ് എല്ലാ മതങ്ങളും പ്രത്യയശാസ്ത്രങ്ങളും ആഹ്വാനം ചെയ്യുന്നതെന്ന് ഡിവൈഎഫ്ഐ ജില്ലാ പ്രസിഡന്റ് എ.എ. റഹീം. 'സന്ന്യാസത്തിന്റെ ധർമ്മം' പ്രഭാഷണപരമ്പരയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി എന്നിവർ മഹനീയ സാന്നിധ്യമായിരുന്നു. ആർട്സ് ആന്റ് കൾച്ചർ സീനിയർ അഡ്വൈസർ കെ. സതീശൻ ആശംസാ പ്രസംഗം നടത്തി. സന്ന്യാസത്തിന് സംഭവിച്ച അപചയം നീക്കി ലോകത്തിനു മുഴുവൻ ധന്യത പകരുക എന്ന വലിയ സങ്കല്പമാണ് ഗുരുധർമ്മപ്രകാശസഭയുടെ സംസ്ഥാപനത്തിലൂടെ ഗുരു നടത്തിയിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. യു.കെ.യിലെ പ്രവാസി വ്യവസായി അനിൽ കുമാർ വി.യും ചടങ്ങിൽ സംബന്ധിച്ചു.



അഡ്വ.എ.എ റഹീം സംസാരിക്കുന്നു



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala